## പതിനാലാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി IX
# (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

## 'സംസ്ഥാനം നേരിടുന്ന ഗുരുതരമായ മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും' സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

2017 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി IX
# (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

**'സംസ്ഥാനം നേരിടുന്ന ഗുരുതരമായ മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും' സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

1244/2017.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 3 |

# സബ്ജക്ട് കമ്മിറ്റി IX
# (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)
# (2016-2018)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ഡോ. കെ. ടി. ജലീൽ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. ഇ. ചന്ദ്രശേഖരൻ,

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ :</u>

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. കെ. ബാബു

ശ്രീ. കെ.എസ്. ശബരീനാഥൻ

ശ്രീ. പി. വി. അൻവർ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു. കെ.എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

# അവതാരിക

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1) (iii) പ്രകാരം തയ്യാറാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

'സംസ്ഥാനം നേരിടുന്ന ഗുരുതരമായ മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും' സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർ, കേരള ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കോർപ്പറേഷൻ സെക്രട്ടറിമാർ ആലപ്പുഴ, ഗുരുവായൂർ, പാലക്കാട്, പൊന്നാനി, തലശ്ശേരി എന്നീ മുനിസിപ്പാലിറ്റികളിലെ സെക്രട്ടറിമാർ എന്നിവരുമായി 2017 ജൂലൈ 4-ാം തീയതി തിരുവനന്തപുരത്ത് ചേർന്ന സമിതി യോഗം ചർച്ച ചെയ്യുകയുണ്ടായി. മാലിന്യസംസ്കരണ രംഗത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചും അവ പ്രാവർത്തികമാക്കുന്നതിനുള്ള നടപടി കളെക്കുറിച്ചും സമിതി വിശദമായി ചർച്ച ചെയ്തു. പ്രസ്തുത ചർച്ചയുടെയും വകുപ്പുകളിൽ നിന്നും ലഭിച്ച വിശദാംശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാരും ഇക്കാര്യത്തിൽ അടിയന്തരമായി കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ചുമുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2017 ആഗസ്റ്റ് 22-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2017 ആഗസ്റ്റ് 23.

ഡോ. കെ. ടി. ജലീൽ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

സംസ്ഥാനം നേരിടുന്ന ഗുരുതരമായ മാലിന്യപ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

## ആമുഖം

ആധുനിക ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മലിനീകരണമാണെന്ന് നിസ്സംശയം പറയാം. വികസനത്തിന്റെയും നഗരവൽക്കരണത്തിന്റെയും ഉപഭോഗ സംസ്കാരത്തിന്റെയും ഉപോല്പന്നമായ മാലിന്യപ്രശ്നം ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിൽ മിക്കവാറും എല്ലാ ലോക രാജ്യങ്ങളും പരാജയപ്പെട്ടിരിക്കുന്നു എന്ന് പറയുന്നതാകും വാസ്തവം. പല വികസിത രാജ്യങ്ങളിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ 20%പോലും ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നില്ല എന്നാണ് പഠനങ്ങൾ വെളിവാക്കുന്നത്. ഇതിന്റെ ഫലമായി അന്തരീക്ഷ മലിനീകരണം, ജലമലിനീകരണം, വായു മലിനീകരണം, രോഗങ്ങൾ മുതലായവയുടെ കാഠിന്യം വർദ്ധിച്ചുവരുന്നു. ഇന്ത്യയിലെ സ്ഥിതിയും ഒട്ടും വിഭിന്നമല്ല. പ്ലാസ്റ്റിക്, സ്വിവറേജ്, അടുക്കളയിൽ നിന്നും തള്ളുന്ന ഭക്ഷണാവശിഷ്ടങ്ങൾ, ഇലക്ട്രോണിക്സ് മാലിന്യം എന്നിവ സൃഷ്ടിക്കുന്ന പാരിസ്ഥിതികാഘാതം വളരെ വലുതാണ്.

ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് സിന്ധു നദീതടത്തിൽ നിലനിന്നിരുന്ന സംസ്കാരത്തെ മഹത്തായ സംസ്കാരം എന്ന് വിളിക്കാനുള്ള പ്രധാന കാരണങ്ങളിൽ ഒന്ന് ആസൂത്രണ വൈദഗ്ധ്യം വിളിച്ചോതുന്ന അവരുടെ മാലിന്യ സംസ്കരണ സംവിധാനമായിരുന്നു. വീടുകളിലെയും തെരുവുകളിലെയും മാലിന്യം നീക്കം ചെയ്യാൻ ഒട്ടും ദുർഗന്ധം വമിക്കാത്ത മൂടികളോടുകൂടിയ ഓടകളാണ് ഒരുക്കിയിരുന്നത്. പ്രാചീന കാലം മുതൽ നമ്മുടെ പൂർവ്വികർ ശുചിത്വത്തിന്റെ കാര്യത്തിൽ ഏറെ ശ്രദ്ധയുള്ളവരായിരുന്നു എന്നതിന്റെ ഉത്തമ നിദർശനമാണിത്. നാഗരിക വികസനത്തിന്റെയും സംസ്കാര സമ്പന്നതയുടെയും അടിസ്ഥാന സൂചകമായാണ് മാലിന്യ നിർമ്മാർജ്ജനത്തെയും ശുചിത്വത്തെയും പ്രാചീന ഇന്ത്യ കണ്ടിരുന്നത്. ഒരു സംസ്കാരം സമ്പന്നമാണോ എന്നറിയാൻ അവരുടെ മാലിന്യ നിർമ്മാർജ്ജന സംവിധാനം പരിശോധിച്ചാൽ മതിയാകും.

എന്നാൽ ഇന്ന് ഇന്ത്യയും പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനമായ കേരളവും അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ സാമൂഹിക പ്രശ്നമാണ് മാലിന്യ നിർമ്മാർജ്ജനം. കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും അവയൊന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. മാലിന്യ പ്രശ്നം ഒരു കീറാമുട്ടിയായി നിൽക്കുമ്പോഴും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉടലെടുക്കുമ്പോഴും ആയത് പരിഹരിക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ

അവലംബിക്കുന്നതിന് സർക്കാർ സംവിധാനങ്ങൾക്ക് കഴിയുന്നില്ല 44 പുഴകൾ, ആയിരക്കണക്കിന് കുളങ്ങൾ, ലക്ഷക്കണക്കിനു കിണറുകൾ, എണ്ണമറ്റ തോടുകൾ എന്നിങ്ങനെ ജലസ്രോതസ്സുകളാൽ സമ്പന്നമായ കേരളം പോലൊരു ചെറിയ പ്രദേശത്ത് ആയിരക്കണക്കിന് ടൺ മാലിന്യങ്ങൾ സംസ്കരിക്കപ്പെടാതെ റോഡുകളിലും ജലസ്രോതസ്സുകളിലും പൊതുസ്ഥലങ്ങളിലും വലിച്ചെറിയപ്പെട്ടപ്പോൾ പ്രശ്നം വളരെ സങ്കീർണ്ണമാകുന്നു. മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെതിരെ ഉണ്ടാകുന്ന ജനകീയ പ്രക്ഷോഭങ്ങൾ, ജനങ്ങളുടെ നിസ്സഹകരണം എന്നിങ്ങനെ മാലിന്യ നീക്കത്തിനുണ്ടാകുന്ന പ്രതിബന്ധങ്ങൾ നിരവധിയാണ്. മാലിന്യം ഇല്ലാതാക്കേണ്ട ഉത്തരവാദിത്വം സർക്കാരിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മാത്രമല്ല അത് സമൂഹത്തിന്റെ ബാദ്ധ്യതയാണ് എന്ന തിരിച്ചറിവ് എല്ലാവർക്കുമുണ്ടാകണം.

ദ്രുതഗതിയിലുള്ള നഗരവത്കരണവും പുതിയ ജീവിത ശൈലിയുടെ ഭാഗമായി ഗ്രാമങ്ങളിൽ നിന്നും ഫ്ലാറ്റുകളിലേക്കുള്ള കുടിയേറ്റവും മാലിന്യങ്ങൾ വളരെയധികം വർദ്ധിക്കാൻ കാരണമായി. ഉപഭോഗത്തിലുണ്ടാകുന്ന വർദ്ധനവും മാറിയ ഭക്ഷണ ശീലവും സംസ്ഥാനത്ത് നിലവിലുള്ള മാലിന്യ പരിപാലന സംവിധാനങ്ങൾക്കും പരിസ്ഥിതിക്കും താങ്ങാൻ കഴിയുന്നതിലും അപ്പുറത്തേയ്ക്ക് മാലിന്യങ്ങളുടെ പുറന്തള്ളൽ വർദ്ധിപ്പിച്ചു ഫാക്ടറികൾ, ഹോട്ടലുകൾ, മത്സ്യ പച്ചക്കറി മാർക്കറ്റുകൾ, അറവുശാലകൾ, കോഴിവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങിയ പരമ്പരാഗത മാലിന്യ ഉല്പാദന കേന്ദ്രങ്ങൾ കൂടി ചേരുമ്പോൾ മാലിന്യ കേരളത്തിന്റെ ചിത്രം പൂർണ്ണമാകുന്നു.

കേരളത്തിലെ ഉയർന്ന ജനസാന്ദ്രത മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സ്ഥാപനത്തിനും വിജയകരമായ പ്രവർത്തനത്തിനും വിഘാതം സൃഷ്ടിക്കുന്നു. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കേരളത്തിലെ നഗരജനസംഖ്യയിൽ 95% വർദ്ധനവുണ്ടായതായി കാണുന്നു. പരിസ്ഥിതിക്ക് അനുകൂലമായ നെൽവയലുകൾക്കും തെങ്ങിൻതോപ്പുകൾക്കും പകരം ബഹുനില കെട്ടിടങ്ങളും ഫ്ലാറ്റ് സമുച്ചയങ്ങളും മാളുകളും വന്നതോടെ പരിസ്ഥിതി സന്തുലനത്തിൽത്തന്നെ ഏറ്റക്കുറച്ചിലുകളുണ്ടായി. വികസിത ലോകത്തിന് തുല്യമായ ജീവിത നിലവാര സൂചിക അവകാശപ്പെട്ടപ്പോഴും മാലിന്യ നിർമ്മാർജ്ജനത്തിന് ശാസ്ത്രീയമായ രീതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ മാലിന്യ നിർമ്മാർജ്ജനം ഒരു ജനകീയ പ്രസ്ഥാനമാക്കാൻ കഴിഞ്ഞാൽ നമ്മുടെ വായുവും മണ്ണും ജലവും ഇനിയും മലിനമാകാതെ നോക്കാം. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അതിന്റെ പരിധിയിലുള്ള പ്രദേശങ്ങളെ മാലിന്യരഹിതമാക്കുന്നതിലൂടെ മാത്രമേ കേരളം മാലിന്യ പ്രശ്നത്തിൽ നിന്നും മോചനം നേടൂ.

ഈ സാഹചര്യത്തിലാണ് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, സംസ്ഥാനം നേരിടുന്ന മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച് 2017 ജൂലൈ 4-ാം തീയതി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ശുചിത്വമിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എം.ഡി, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർ, ആലപ്പുഴ, ഗുരുവായൂർ, പാലക്കാട്, പൊന്നാനി, തലശ്ശേരി എന്നീ മുനിസിപ്പൽ കൗൺസിൽ സെക്രട്ടറിമാർ, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തിയത്. പ്രസ്തുത ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളുടെയും വകുപ്പുകളിൽ നിന്നും ലഭിച്ച വിശദാംശങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതരമായ മാലിന്യ നിർമ്മാർജ്ജന പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാരും അടിയന്തരമായി കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ചുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

## റിപ്പോർട്ട്

സംസ്ഥാനത്തെ ഏറ്റവും വലിയ വിപത്തായി മാറിയ മാലിന്യ സംസ്കരണത്തിന്റെ ബാധ്യത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അർപ്പിതമായതിനാൽ, ആയതിനുള്ള പരിഹാരം കണ്ടെത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ മുന്നിട്ടിറങ്ങേണ്ടത് അത്യന്താപേക്ഷിതമാണ് എന്ന് സമിതി വിലയിരുത്തുന്നു. പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾക്ക് ഓരോ വ്യക്തിയും ഉത്തരവാദിയാണെന്നിരിക്കെ മാലിന്യശേഖരണത്തിനും അതിന്റെ ശാസ്ത്രീയമായ സംസ്കരണത്തിനും നിയമനിർമ്മാണത്തോടൊപ്പം ശക്തമായ ബോധവൽക്കരണവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഇടപെടലും ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വമാണ് എന്ന ബോധം ഓരോ പൗരനിലും ഉണ്ടാകേണ്ടിയിരിക്കുന്നു. ഹോട്ടലുകൾ, അറവുശാലകൾ, മത്സ്യ പഴവർഗ്ഗ പച്ചക്കറി ശാലകൾ എന്നിവിടങ്ങളിൽ നിന്നും പ്രതിദിനം പുറന്തള്ളുന്ന ടൺ കണക്കിന് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കരാർ എടുത്തിട്ടുള്ള സ്വകാര്യ ഏജൻസികൾ പ്രസ്തുത മാലിന്യം എവിടേക്ക് കൊണ്ടുപോകുന്നുവെന്നോ എന്തു ചെയ്യുന്നുവെന്നോ ഉള്ള യാതൊരന്വേഷണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്താറില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത്തരം ജൈവ അജൈവ മാലിന്യങ്ങളും ആശുപത്രി മാലിന്യങ്ങളും ജലാശയങ്ങളിലും പൊതു സ്ഥലങ്ങളിലും പ്ലാന്റേഷനുകളിലും ആൾപ്പാർപ്പില്ലാത്ത മറ്റു സ്ഥലങ്ങളിലും കൊണ്ടുപോയി നിക്ഷേപിക്കുന്നതിനെതിരെ ശക്തമായ നടപടികൾ ആവശ്യമാണ്.

(2) മാലിന്യ നിർമ്മാർജ്ജനത്തിന് പുറം കരാർ നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും മാലിന്യനീക്കത്തിന് പുറം കരാർ എടുക്കുന്ന വ്യക്തികളോ സ്ഥാപനങ്ങളോ അത് എവിടെ കൊണ്ടുപോയി നിക്ഷേപിക്കുന്നുവെന്ന് അന്വേഷിക്കാറില്ല എന്നാണ് സമിതി യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ വിവരം. ആയതിനാൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മാലിന്യ സംസ്കരണത്തിനായി പുറം കരാർ നൽകുമ്പോൾ ആ മാലിന്യം കൊണ്ടുപോയി നിക്ഷേപിക്കുന്ന സ്ഥലം മുതലായ കാര്യങ്ങളിൽ വ്യക്തത വരുത്തണമെന്നും കരാറിൽ അക്കാര്യം രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(3) ഖരമാലിന്യങ്ങൾ ശരിയായ രീതിയിൽ വേർതിരിക്കാൻ കഴിയാത്തതും സംസ്കരണ സംവിധാനം സ്ഥാപിക്കാനാവശ്യമായ അളവിൽ ഭൂമി ലഭ്യമല്ലാത്തതുമാണ് ഈ രംഗത്ത് സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി എന്ന് സമിതി വിലയിരുത്തുന്നു. മാലിന്യ സംസ്കരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൂമി സർക്കാർ കണ്ടെത്തി നൽകണമെന്നതാണ് സമിതിയുടെ അഭിപ്രായം. മാലിന്യം വേർതിരിക്കാതെ സ്വകാര്യ ഏജൻസികൾക്ക് നൽകുന്ന പ്രവണത പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വച്ചു പുലർത്തുന്നു. ഡ്രൈ മാലിന്യങ്ങൾക്ക് മാത്രമേ ടെണ്ടർ നൽകാവൂ എന്ന് വ്യക്തമായ വ്യവസ്ഥ നിലനിൽക്കുമ്പോഴും മാലിന്യങ്ങൾ ശേഖരിച്ച് വേർതിരിക്കാതെയും എവിടേക്കാണ് കൊണ്ടു പോകുന്നതെന്നറിയാതെയും സ്വകാര്യ ഏജൻസികൾക്ക് നൽകുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ടെണ്ടർ വിളിക്കുമ്പോൾ മാലിന്യം നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നേരിട്ട് സന്ദർശിച്ച് ബോധ്യപ്പെട്ടതിനു ശേഷം മാത്രമേ ടെണ്ടർ നൽകാവൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു.

(4) സംസ്ഥാനത്തുണ്ടാകുന്ന മാലിന്യത്തിന്റെ ഗണ്യമായ ഒരു ഭാഗം ഉല്പാദിപ്പിക്കപ്പെടുന്നത് ഇറച്ചിക്കടകൾ, കോഴിക്കടകൾ, പഴം, പച്ചക്കറി വിപണന കേന്ദ്രങ്ങൾ, കല്യാണ മണ്ഡപങ്ങൾ, ഇവന്റ് മാനേജ്മെന്റ് സ്ഥാപനങ്ങൾ, ഹോട്ടലുകൾ, ബേക്കറികൾ, ഭക്ഷണം വിളമ്പുന്ന ക്ലബ്ബുകൾ, കാറ്ററിംഗ് യൂണിറ്റുകൾ മുതലായവയിലൂടെ യാണ്. ഇത്തരം സ്ഥാപനങ്ങളിൽ ചിലത് സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം സ്ഥാപനങ്ങളും സ്വന്തമായ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താതെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാണ്. ആയതിനാൽ കോഴിക്കടകൾ ഉൾപ്പെടെയുള്ള ഇറച്ചി വ്യാപാര സ്ഥാപനങ്ങൾ, പഴം പച്ചക്കറി വിപണന കേന്ദ്രങ്ങൾ, ഹോട്ടലുകൾ, ബേക്കറികൾ, കല്യാണ മണ്ഡപങ്ങൾ, ഇവന്റ് മാനേജ്മെന്റ് സ്ഥാപനങ്ങൾ, ഭക്ഷണം

വിളമ്പുന്ന ക്ലബ്ബുകൾ, കാറ്ററിംഗ് യൂണിറ്റുകൾ മുതലായവയ്ക്ക് ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ സ്വന്തമായി മാലിന്യനിർമ്മാജ്ജന സംവിധാനം നിർബ്ബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇത്തരം പുതിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് സ്വന്തമായ മാലിന്യനിർമ്മാർജ്ജന സംവിധാനം നിർബ്ബന്ധമാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇക്കാര്യത്തിൽ ഏകീകൃത സ്വഭാവത്തിലുള്ള സംവിധാനം ഏർപ്പെടുത്താൻ ആവശ്യമെങ്കിൽ പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിൽ പുതിയ വ്യവസ്ഥ കൊണ്ടുവരുന്നതിനോ അല്ലെങ്കിൽ നിലവിലുള്ള നിയമ വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരുന്നതിനോ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(5) മാലിന്യ നിർമ്മാർജ്ജനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യങ്ങളിൽ ഒന്നാണ്. ആ നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെയാണ് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി ഏറ്റവും അധികം ജീവനക്കാരെ നിയോഗിക്കുന്നതും ഏറ്റവും അധികം ഫണ്ട് വിനിയോഗിക്കുന്നതും. ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുതലായ സ്ഥാപനങ്ങളും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ സ്തുത്യർഹമായ സേവനം നടത്തിവരുന്നുണ്ട്. ഒന്നിലധികം സർക്കാർ ഏജൻസികളും സന്നദ്ധ സംഘടനകളും എൻ.ജി.ഒ.കളും അത്യധ്വാനം ചെയ്തിട്ടും മാലിന്യമെന്ന ശാപം പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ മാലിന്യ നിർമ്മാർജ്ജന രംഗത്ത് പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ വകുപ്പിന്റെയും വ്യവസായ വകുപ്പിന്റെയും ടൂറിസം വകുപ്പിന്റെയും ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റെല്ലാ ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളുള്ള ഒരു മാലിന്യ നിർമ്മാർജ്ജന അതോറിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(6) കേരളത്തിന്റെ പരിസ്ഥിതിക്ക് കോട്ടം തട്ടാതെ മാലിന്യ സംസ്കരണം ശാസ്ത്രീയമായി എങ്ങനെ നടപ്പാക്കാനാകുമെന്ന് ആലോചിക്കേണ്ടതാണ്. ജൈവ മാലിന്യ നിർമ്മാജ്ജനത്തിന് ഏറ്റവും അനുയോജ്യമായ മാർഗ്ഗം ഉറവിടത്തിലെ സംസ്കരണമാണ്. മാലിന്യ നിർമ്മാർജ്ജനത്തിനായി പ്ലാൻ ഫണ്ടിൽ വൻ തുകകൾ നീക്കിവയ്ക്കുമ്പോഴും പ്രായോഗിക തലത്തിൽ യാതൊരു മാറ്റവും ഉണ്ടാകുന്നില്ലെന്നതാണ് യാഥാർത്ഥ്യം. ശുചിത്വമിഷൻ ചെലവഴിക്കുന്ന തുകപോലും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചെലവഴിക്കുന്നില്ലെന്ന് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

(7) സംസ്ഥാനത്തെ എല്ലാ നഗരസഭകളിലെയും ഓരോ വാർഡിലും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലെ ഒരു വാർഡിൽ വീതവും ഓരോ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്താൽതന്നെ 60% ത്തോളം മാലിന്യം ഇല്ലാതാക്കാൻ കഴിയുമെന്ന് സമിതി വിലയിരുത്തുന്നു. ഒരു പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 200 മുതൽ 250 വരെ ചതുരശ്രയടി സ്ഥലം മാത്രമേ ആവശ്യമുള്ളുവെന്നിരിക്കെ ഇതിനായി സ്ഥലം കണ്ടെത്തുക എന്നത് ഒരു വലിയ പ്രശ്നമാകുമെന്ന് സമിതി കരുതുന്നില്ല. സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കുകയും പ്ലാസ്റ്റിക്കിന്റെ നീരാളിപ്പിടിത്തത്തിൽനിന്ന് സംസ്ഥാനത്തെ മോചിപ്പിക്കുകയും ചെയ്യുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യക്തമായ മാർഗ്ഗരേഖ നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലെയും ഓരോ വാർഡിലും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലെ ഓരോ വാർഡിൽ വീതവും 2017 ഡിസംബർ 31 ന് മുമ്പ് ഒരു പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് വീതമെങ്കിലും സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(8) എല്ലാത്തരം മാലിന്യങ്ങളും പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ നിറച്ച് റോഡിലും മറ്റ് പൊതുസ്ഥലങ്ങളിലും തള്ളുന്ന പ്രവണതയാണ് എങ്ങും കണ്ടുവരുന്നത്. ഇത് മാലിന്യം വേർതിരിക്കുന്നതിന് വലിയ പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രാദേശികമായി പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചിട്ടുണ്ട്. എങ്കിലും സംസ്ഥാനത്തിന് മുഴുവൻ ബാധകമാകുന്ന നിലയിൽ അതിനുവേണ്ട ഉത്തരവോ നിയമ നിർമ്മാണമോ ഉണ്ടായാൽ മാത്രമേ നിരോധനം ഫലപ്രദമാകുകയുള്ളൂ. സംസ്ഥാന തലത്തിൽ ക്യാരിബാഗുകൾ നിരോധിക്കുകയും ഇതു സംബന്ധിച്ച് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പ്രത്യേകം പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തില്ലെങ്കിൽ നിരോധനം കോടതികൾ അസ്ഥിരപ്പെടുത്താനുള്ള സാഹചര്യമുണ്ടാകുമെന്നും അത് ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. നിലവിലെ ഗുരുതരാവസ്ഥ കണക്കിലെടുത്ത് 2018 ജനുവരി 1 മുതൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കണമെന്നും അതിനുശേഷവും ഏതെങ്കിലും വ്യാപാര സ്ഥാപനം ക്യാരിബാഗുകൾ സ്റ്റോക്ക് ചെയ്യുകയോ ഉപയോഗിക്കുകയോ ചെയ്യുകയാണെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടി കൈക്കൊള്ളാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം അവസാനിപ്പിക്കുന്നതോടൊപ്പം ബദൽ സംവിധാനമെന്ന നിലയിൽ തുണി സഞ്ചികളുടെ നിർമ്മാണം കുടുംബശ്രീ യൂണിറ്റുകളുടെയും മറ്റും സഹായത്തോടെ ആവിഷ്കരിച്ച് നടപ്പാക്കണമെന്നും ആയത് കുറഞ്ഞ വിലയിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണെന്നും സമിതി ശിപാർശ ചെയ്യുന്നു.

(9) മാലിന്യ സംസ്കരണ പദ്ധതികൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യുവാനും വിജയകരമായി പ്രാവർത്തികമാക്കുവാനും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ വിവരശേഖരണം അത്യന്താപേക്ഷിതമാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധികളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളെപ്പറ്റിയുള്ള പഠനവും വിവരശേഖരണവും നടത്തിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ദിനംപ്രതി ഉൽപ്പാദിപ്പിക്കപ്പെടുന്നതും തങ്ങൾ നേരിട്ടുനടത്തുന്ന മാലിന്യശേഖരണത്തിന്റെയും മറ്റ് സ്ഥാപനങ്ങൾവഴി നടത്തുന്ന മാലിന്യശേഖരണത്തിന്റെയും സംസ്കരിക്കപ്പെടാതെ കുന്നുകൂടുന്ന മാലിന്യത്തിന്റെയും കൃത്യമായ കണക്ക് സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(10) 100 വാർഡുകളും 9.65 ലക്ഷം ജനസംഖ്യയുമുള്ള തിരുവനന്തപുരം കോർപ്പറേഷനിൽ പ്രതിദിനം 350 മെട്രിക് ടൺ മാലിന്യങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നതായാണ് സമിതിക്ക് ലഭിച്ച വിവരം. കോർപ്പറേഷൻ സ്ഥാപിച്ച വിളപ്പിൽശാലയിലെ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് പൂട്ടിയതോടെ പകരം ഏർപ്പെടുത്തിയ പൈപ്പ് കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ, കമ്മ്യൂണിറ്റി പ്ലാന്റുകൾ എന്നിവയുടെ പ്രവർത്തനം ഫലപ്രദമായിരുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. വ്യക്തമായ ആസൂത്രണത്തിന്റെയും കൃത്യമായ നിർവ്വഹണത്തിന്റെയും അഭാവമാണ് പൈപ്പ് കമ്പോസ്റ്റിംഗ് പരാജയപ്പെടാൻ കാരണമെന്ന് സമിതി വിലയിരുത്തുന്നു. വലിയ മുതൽമുടക്കോ സാങ്കേതികവിദ്യകളോ ഒന്നും ആവശ്യമില്ലാതെ വളരെ ലളിതമായി ഗാർഹിക മാലിന്യങ്ങൾ പരിപാലിക്കാൻ കഴിയുന്ന രീതികളാണ് കുഴി കമ്പോസ്റ്റിംഗ്, മോസ് പിറ്റ് കമ്പോസ്റ്റിംഗ്, മൺകല കമ്പോസ്റ്റിംഗ്, ബയോഗ്യാസ്പോട്ട് സിസ്റ്റം, റിംഗ് കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, പോർട്ടബിൾ ബിൻ/ബക്കറ്റ് കമ്പോസ്റ്റിംഗ്, സോക്കേജ് പിറ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ. മാലിന്യത്തിന്റെ അളവ്, തരം, മണ്ണിന്റെ ഘടന, ലഭ്യമാകുന്ന സ്ഥലം, ചെലവ് തുടങ്ങിയവ പരിഗണിച്ച് ഓരോ അവസ്ഥയ്ക്ക് യോജിക്കുന്നവ കൃത്യമായി തെരഞ്ഞെടുക്കാവുന്നതാണെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. ഉറവിടമാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

(11) സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽപ്പെട്ടതും ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ളതുമായ സ്ഥാപനങ്ങൾ രണ്ട് മാസത്തിനകം ഉചിതമായ തരത്തിലുള്ള മാലിന്യനിർമ്മാജ്ജന സംവിധാനം ഒരുക്കണമെന്നും മാലിന്യമുണ്ടാകാൻ സാധ്യതയുള്ള എല്ലായിടത്തും മാലിന്യനിർമ്മാർജ്ജന സംവിധാനം ഒരുക്കിയാൽ മാത്രമേ പുതിയ ഡി & ഒ ലൈസൻസ് നൽകാൻ പാടുള്ളുവെന്നും

നിഷ്കർഷിച്ച് ഉത്തരവിറക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഹോട്ടലുകൾ, കല്യാണമണ്ഡപങ്ങൾ, ഭക്ഷണം വിളമ്പുന്ന ക്ലബ്ബുകൾ, കല്യാണ ആവശ്യത്തിനുപയോഗിക്കുന്ന കോളേജ്/സ്കൂൾ ആഡിറ്റോറിയങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, കൊമേഴ്സ്യൽ മിനിഹാളുകൾ തുടങ്ങി ഭക്ഷണ സാധനങ്ങൾ പാകംചെയ്യുകയോ വിളമ്പുകയോ ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളിലും നിർബന്ധമായും ഉചിതമായ തരത്തിലുള്ള മാലിന്യനിർമ്മാർജ്ജന സംവിധാനം സ്ഥാപിക്കണമെന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവിറക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(12) ആറ്റുകാൽ പൊങ്കാല പോലെ ജനപങ്കാളിത്തം കൂടുതലുള്ള പരിപാടികൾക്ക് തിരുവനന്തപുരം നഗരസഭ നടപ്പിലാക്കിയ ഗ്രീൻ പ്രോട്ടോക്കോൾ സംവിധാനം വിജയകരമായിരുന്നതിനാൽ മറ്റ് നഗരസഭകളും ഇത്തരത്തിലുള്ള പരിപാടികൾക്ക് ഗ്രീൻ പ്രോട്ടോക്കോൾ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(13) ഇലക്ട്രോണിക് സ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളുന്ന തെർമോകോൾ, പ്ലാസ്റ്റിക്കിനെ പോലെ അപകടകാരിയായ മാലിന്യമാണ്. ഇത്തരം സ്ഥാപനങ്ങളെയും മുൻ ഉത്തരവിന്റെ പരിധിയിൽപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(14) മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്കകളകറ്റി ജനപങ്കാളിത്തത്തോടെയും കാര്യക്ഷമവുമായുള്ള പ്രവർത്തനമാണ് കാഴ്ചവയ്ക്കേണ്ടത്. മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുമ്പോൾ ബയോഗ്യാസ് പ്ലാന്റിൽ നിന്നും പാചകവാതകത്തോടൊപ്പം ജൈവവളവും ലഭിക്കുമെന്നതിനാൽ ആയതുമൂലമുണ്ടാകുന്ന സാമ്പത്തിക നേട്ടം സംബന്ധിച്ചും വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് സർക്കാർ സബ്സിഡി നൽകുന്നുണ്ടെന്നത് സംബന്ധിച്ചുമുള്ള കാര്യങ്ങൾക്ക് വ്യാപകമായ പ്രചാരണം നൽകാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(15) പൊതുസ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കാൻ ഒരു വാർഡിൽ ഒരു പ്ലാന്റെങ്കിലും സ്ഥാപിക്കണമെന്നും വീടുകൾ, കടകൾ എന്നിവിടങ്ങളിലെ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(16) വാഹനങ്ങളിൽ യാത്രചെയ്യുന്ന ആളുകൾ റോഡിലേക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി സമിതി നിരീക്ഷിക്കുന്നു. പല വിദേശ രാജ്യങ്ങളിലും യാത്രക്കാരുടെ സൗകര്യാർത്ഥം ടാക്സികളിലും ഓട്ടോറിക്ഷകളിലും വേസ്റ്റ് ബിൻ ഘടിപ്പിക്കുന്ന സമ്പ്രദായം നിലവിലുണ്ട്. ഈ സംവിധാനം സംസ്ഥാനത്തും അടിയന്തരമായി നടപ്പിലാക്കുന്നതിന് ടൂറിസം വകുപ്പ്, മോട്ടോർ വാഹന വകുപ്പ്

എന്നിവയുടെ സഹകരണത്തോടെയുള്ള പ്രവർത്തനത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് മുൻകൈ എടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(17) ടൂറിസത്തിന് വൻസാദ്ധ്യതയുള്ള സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങളിലും വിനോദസഞ്ചാരത്തിനായി എത്തുന്ന സ്വദേശികളും വിദേശികളുമായ സഞ്ചാരികൾ മാലിന്യനിർമാർജ്ജനവുമായി ബന്ധപ്പെട്ട് അനുവർത്തിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുവാൻ പ്രത്യേക ബോർഡുകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പിന്റെ സഹായത്തോടെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(18) ഹൗസ്ബോട്ടുകളിലെ മാലിന്യം കായലുകളിൽ തള്ളുന്ന പ്രവണതയാണ് ഉള്ളത്. ഇത് മാറ്റി, മെക്കനൈസ്ഡ് സക്കിംഗ് പോലെയുള്ള നൂതന സംവിധാനങ്ങൾ നടപ്പാക്കേണ്ടതാണ്. ഹൗസ്ബോട്ടുകൾക്ക് ലൈസൻസ് നൽകുന്നതിന് ഇത്തരം സൗകര്യങ്ങൾ നിർബന്ധമാക്കാൻ ടൂറിസം വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(19) പ്ലാൻ ഫണ്ടുപയോഗിച്ച് മാലിന്യ സംസ്കരണം നടത്താൻ ഉത്തരവാദപ്പെട്ട പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾക്ക് ശുചിത്വമിഷന്റെയും കേന്ദ്ര ഫണ്ടിന്റെയും സബ്സിഡിക്ക് കാത്തിരിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച് അടിയന്തരമായി ചെയ്യേണ്ട പ്രവൃത്തികൾക്ക് ശുചിത്വമിഷൻ താമസംവിനാ സാങ്കേതികാനുമതി നൽകണമെന്നും ശുചിത്വമിഷന്റെ പ്ലാൻ ഫണ്ടിൽ നിന്നും സബ്സിഡി ലഭിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ഏതെല്ലാ മാണെന്നുമുള്ള കൃത്യമായ വിവരങ്ങൾ ശുചിത്വമിഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തണമെന്നും സബ്സിഡിക്കായി ശുചിത്വമിഷനിൽ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും താമസംവിനാ തീർപ്പാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(20) പ്രതിദിനം 160 മുതൽ 180 വരെ ടൺ ജൈവമാലിന്യങ്ങളും 40-60 ടൺ അജൈവ മാലിന്യങ്ങളും ഉല്പാദിപ്പിക്കുന്ന കൊച്ചി കോർപ്പറേഷന്റെ മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമല്ലെന്ന് സമിതി മനസിലാക്കുന്നു. മറ്റ് നഗരസഭകളിൽ നിന്നുള്ള മാലിന്യങ്ങളും കോർപ്പറേഷൻ പരിധിയിൽ തള്ളുന്ന പ്രവണത വർദ്ധിച്ചുവരുന്നതായും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ബ്രഹ്മപുരത്തെ ബയോഗ്യാസ് പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(21) മാലിന്യ സംസ്കരണ രംഗത്ത് ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ പ്രവർത്തനം അഭിനന്ദനീയമാണെന്ന് സമിതി വിലയിരുത്തുന്നു. ആകെ ഉല്പാദിപ്പിക്കപ്പെടുന്ന 58 ടൺ മാലിന്യത്തിൽ 19.72 ടൺ വരുന്ന ഗാർഹിക മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയതായും പൊതുമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി 5 വർഷത്തെ എ.എം.സി. അടിസ്ഥാനത്തിൽ ട്രൈപാർട്ടി കരാർ വ്യവസ്ഥയിൽ കുടുംബശ്രീ അംഗങ്ങളെ പരിശീലിപ്പിച്ച് ഒരു യൂണിറ്റുണ്ടാക്കിയതായും സമിതി മനസ്സിലാക്കുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ പ്രവർത്തനങ്ങൾ മറ്റ് നഗരസഭകൾക്ക് മാതൃകയാക്കാവുന്നതാണെന്ന് സമിതി നിരീക്ഷിക്കുന്നു. മാലിന്യ നിർമ്മാർജ്ജനത്തിനായി ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ വിജയകരമായി നടന്നുവരുന്ന തുമ്പൂർമുഴി മോഡലും സംസ്ഥാനത്തെ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയാക്കാവുന്നതാണെന്ന് സമിതി വിലയിരുത്തുന്നു.

(22) പൊന്നാനി നഗരസഭയിൽ റോഡിൽ മാലിന്യം വലിച്ചെറിയുന്നവരെ പിടികൂടാൻ സഹായിക്കുന്നവർക്ക് 2,500 രൂപ ഇനാം പ്രഖ്യാപിക്കുകയും വേസ്റ്റ് കൊണ്ടിടുന്നവരിൽ നിന്നും 5,000 രൂപ പിഴയായി ഈടാക്കി അതിൽ നിന്നും 2,500 രൂപ മാലിന്യം പിടിക്കാൻ സഹായിച്ച ആളിന് പാരിതോഷികം (ഇനാം) ആയി നൽകുന്ന നടപടിയും അനുകരണീയമാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ മാലിന്യം പിടികൂടുന്നതിനായി നൈറ്റ് സ്ക്വാഡ് പ്രവർത്തിക്കുകയും എല്ലാ ദിവസവും മുനിസിപ്പൽ ചെയർമാനും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും അടക്കമുള്ളവർ അയൽക്കൂട്ടങ്ങളിൽ ക്ലാസ്സെടുക്കുകയും ചെയ്യുന്ന നടപടിയും ശ്ലാഘനീയമാണ്. പൊന്നാനി മുനിസിപ്പാലിറ്റിയുടെ ഈ മാതൃക മറ്റ് മുനിസിപ്പാലിറ്റികൾക്കും പിൻതുടരാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

(23) നഗരസഭയുടെ നിർദ്ദേശാനുസരണം ഗുരുവായൂർ അമ്പലത്തിലെ ദേവസ്വം ഊട്ടുപുരയിൽ സദ്യയ്ക്ക് ഇലയ്ക്ക് പകരം സ്റ്റീൽ പ്ലേറ്റ് ഉപയോഗിക്കാൻ തുടങ്ങിയതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഗുരുവായൂരിലെ 19-ൽ അധികം വരുന്ന കല്യാണ മണ്ഡപങ്ങളിൽ സദ്യ വിളമ്പുന്നതിന് ഇപ്പോഴും ഇലയാണ് ഉപയോഗിക്കുന്നതെന്ന് സമിതിക്ക് വിവരം ലഭിച്ചിട്ടുണ്ട്. ഇത് ഗുരുവായൂരിലെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനത്തെ സാരമായി ബാധിക്കുന്ന സംഗതിയാണ്. <u>ആയതിനാൽ ഗുരുവായൂർ നഗരസഭയിലുള്ള എല്ലാ കല്യാണമണ്ഡപങ്ങളിലും സദ്യ വിളമ്പുന്നതിന് ഇലയ്ക്ക് പകരം സ്റ്റീൽ പ്ലേറ്റ് ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്നും പ്രസ്തുത ഉത്തരവ് നടപ്പാക്കാത്തവരിൽ നിന്നും പിഴ ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത, സംസ്ഥാനത്തെ എല്ലാ</u>

കല്യാണമണ്ഡപങ്ങളും ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ സ്വന്തമായി അനുയോജ്യമായ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നത് നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(24) കേരളത്തിലെ 93 നഗരസഭകളിലെയും മാലിന്യത്തിന്റെ നിലവിലെ പ്രൊഫൈലും അളവ് സംബന്ധിച്ച കാര്യങ്ങളും ആലപ്പുഴ മുനിസിപ്പാലിറ്റി ചെയ്തിട്ടുള്ള അനുകരണീയമായ മാതൃകകളും ശുചിത്വമിഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(25) തിരുവനന്തപുരത്തെയും കോഴിക്കോട്ടെയും തൃശ്ശൂരിലെയും മാലിന്യ പ്ലാന്റുകൾ എല്ലാം നഗരസഭ തന്നെ കൈകാര്യം ചെയ്തതിനാലാണ് അവ പരാജയപ്പെട്ടതെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഒരു ഗ്ലോബൽ ടെണ്ടറിലൂടെ PPP അടിസ്ഥാനത്തിൽ നിക്ഷേപകരെ കണ്ടെത്തുകയും മാലിന്യ സംസ്കരണത്തിനുള്ള ഭൂമി കൊടുത്തുകൊണ്ട് നഗരസഭ ശേഖരിക്കുന്ന മാലിന്യത്തിന് ടിപ്പിംഗ് ഫീ കൊടുക്കുന്ന സംവിധാനങ്ങളായ പൈറോളിസിസ്, പ്ലാസ്മ പൈറോളിസിസ് തുടങ്ങിയ സംവിധാനങ്ങൾ ഈ നഗരസഭകളിൽ നടപ്പിലാക്കുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തോടൊപ്പംതന്നെ പ്രധാന കോർപ്പറേഷനുകളിലും ജനസംഖ്യ കൂടുതലുള്ള നഗരസഭകളിലും കേന്ദ്രീകൃത പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മാലിന്യം വീടുകളിൽ നിന്നും ഉറവിടങ്ങളിൽ നിന്നും ശേഖരിക്കുന്നതിനും വേർതിരിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും ലഭ്യമായ എല്ലാ ആധുനിക സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(26) 93 നഗരസഭകളിൽ 40-ഓളം നഗരങ്ങൾ ഗ്രാമീണ മേഖലയുമായി ബന്ധപ്പെട്ടു കിടക്കുന്നതാകയാൽ, മാലിന്യം തരംതിരിച്ച് നൽകി കൃഷിസ്ഥലത്ത് തന്നെ സംസ്കരിക്കാൻ സാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. അങ്ങനെയുള്ള പ്രദേശങ്ങളിൽ കുടുംബശ്രീ യൂണിറ്റുകളെക്കൂടി ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുണ്ടാക്കി മാലിന്യ സംസ്കരണം ഏൽപ്പിച്ചുകൊടുക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(27) പല നഗരസഭകളിലെയും മാലിന്യം ശേഖരിക്കൽ, പ്രോസസ്സിംഗ്, വിപണനം എന്നിവയുടെ വരവ് ചെലവ് കണക്കുകൾ കൃത്യമായി തയ്യാറാക്കുകയും ഓഡിറ്റിംഗിന് വിധേയമാക്കുകയും ചെയ്യുന്നില്ലെന്നാണ് സമിതിക്ക് ലഭിച്ച വിവരം. ആയതിനാൽ സംസ്ഥാനത്തെ എല്ലാ നഗരസഭകളുടെയും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കോസ്റ്റ് ഓഡിറ്റിംഗ് 6 മാസത്തിനുള്ളിൽ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(28) മാലിന്യ സംസ്കരണ രംഗത്ത് ആധുനിക സാങ്കേതിക വിദ്യകൂടി പ്രയോജനപ്പെടുത്തേണ്ടതുണ്ടെന്നാണ് സമിതിയുടെ കാഴ്ചപ്പാട്. മാലിന്യ നിർമ്മാർജ്ജനത്തിന് വിദേശരാജ്യങ്ങളിൽ അവലംബിക്കുന്ന പൈറോളിസിസ്, പ്ലാസ്മ പൈറോളിസിസ് മുതലായ മാർഗ്ഗങ്ങൾ സംസ്ഥാനത്ത് പ്രായോഗികമാക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കപ്പെടേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. മാലിന്യ നീക്കത്തിന് എഞ്ചിനീയറിംഗ്, എൻവയോൺമെന്റ്, ലൈഫ് സയൻസ് എന്നിവയിൽ സാങ്കേതിക വിദ്യാഭ്യാസം നേടിയിട്ടുള്ളവരെ കൂടി ഉൾപ്പെടുത്തി സംരംഭങ്ങൾ ആരംഭിച്ചാൽ ഈ രംഗത്ത് നല്ല ബിസിനസ് മോഡൽ ഉണ്ടാക്കാൻ സാധിക്കുമെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. അത്തരം ബിസിനസ് സംരംഭങ്ങളുമായി മുന്നോട്ട് വരുന്നവരെ 5 വർഷത്തേക്ക് നഗരസഭകൾ തൊഴിൽ നികുതിയിൽ നിന്നും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കി കൊടുക്കണമെന്നും പ്രസ്തുത വ്യവസായത്തിന് 40% സബ്സിഡി നൽകണമെന്നും ക്രൗഡ് ഫണ്ടിംഗ് പോലെയുള്ള നൂതന ആശയങ്ങൾ പ്രാവർത്തികമാക്കണമെന്നും ഇക്കാര്യത്തിൽ വ്യവസായ വകുപ്പിന്റെ കൂടി സഹായം തേടേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

(29) ആശുപത്രി മാലിന്യങ്ങളുടെ സംസ്കരണം മാലിന്യസംസ്കരണ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു വെല്ലുവിളിയാണ്. ആശുപത്രികളിലെ ബയോമെഡിക്കൽ വേസ്റ്റ്, മറ്റുതരത്തിലുള്ള വേസ്റ്റ് എന്നിവ വേർതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് മെഡിക്കൽ കോളേജുകളിൽ പോലും ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെന്നതാണ് വസ്തുത. ആയതിനാൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളുടെ ശുചീകരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങണമെന്നും അവിടങ്ങളിൽ ശുചിത്വം ഉറപ്പാക്കുന്നതിന് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്, മലിനജല സംസ്കരണ പ്ലാന്റ്, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സംവിധാനം, പ്ലാസ്റ്റിക് വേർതിരിക്കൽ എന്നിവ ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റികളുടെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാര്യക്ഷമമായി നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(30) മാലിന്യ സംസ്കരണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷനുകളെയും നഗരസഭകളെയും പ്രത്യേകം കാറ്റഗറിയായി തിരിച്ച് ഓരോ കാറ്റഗറിക്കും അനുയോജ്യമായ മാലിന്യസംസ്കരണ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(31) നഗര ജനസാന്ദ്രത ദിനംപ്രതി കൂടുന്നതുമൂലം മാലിന്യ നിർമ്മാർജ്ജനത്തിന് ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടാവുകയും തന്മൂലം പകർച്ചവ്യാധികൾ പടർന്നുപിടിക്കുകയും

ചെയ്യുന്ന അവസ്ഥ സംജാതമാവുകയും ചെയ്യുന്നു. ഓരോ വർഷം കഴിയുംതോറും പകർച്ചവ്യാധികൾമൂലം മരിക്കുന്ന ആളുകളുടെ എണ്ണം നഗരങ്ങളിൽ വർദ്ധിച്ചുവരികയാണ്. നഗരങ്ങൾക്ക് ഉൾക്കൊള്ളാനാകുന്നതിലും അധികം ജനങ്ങളെ ഉൾക്കൊള്ളുന്നതും മാലിന്യ നിർമ്മാർജ്ജനത്തിന് ഒരു പ്രധാന തടസ്സം സൃഷ്ടിക്കുന്നു. കൂടാതെ മാലിന്യപ്ലാന്റുകൾ സ്ഥാപിക്കുന്നതിനോടുള്ള ജനങ്ങളുടെ എതിർപ്പും നഗരവും റോഡും മാലിന്യം കൊണ്ട് നിറയുന്നതിന് കാരണമായി.

(32) മാലിന്യം പൊതു നിരത്തുകളിൽ വലിച്ചെറിയുന്നവരെ കയ്യോടെ പിടികൂന്നതിനും വലിയ പിഴ ഈടാക്കുന്നതിനും പൊതുജന പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കണമെന്നും, ഇതിന് പോലീസിന്റെ ഭാഗത്തുനിന്നുമുള്ള ഇടപെടൽ ഉറപ്പാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(33) സംസ്ഥാനത്തൊരിടത്തും അറവുശാലകളിലെ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നില്ലെന്നാണ് സമിതിയുടെ വിലയിരുത്തൽ. ആയതിനാൽ അറവുശാലകളിലെ മാലിന്യം ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് ഉപോൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന പദ്ധതികളെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്നും ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(34) വ്യാപാര സ്ഥാപനങ്ങളിൽ, പ്രത്യേകിച്ച് സൂപ്പർമാർക്കറ്റുകളിൽ നിന്നും മാളുകളിൽ നിന്നും അതുപോലെയുള്ള മറ്റുസ്ഥാപനങ്ങളിൽ നിന്നുമുള്ള പ്ലാസ്റ്റിക്, നോൺ ബയോ ഡീഗ്രേഡബിൾ മാലിന്യങ്ങൾ മുതലായവ ശരിയായ രീതിയിൽ തരംതിരിച്ച് സംസ്കരിക്കുന്നതിനോ റീസൈക്കിൾ ചെയ്യാവുന്ന പ്ലാസ്റ്റിക് ആണെങ്കിൽ അത് റീസൈക്കിൾ ചെയ്ത് പുനരുപയോഗിക്കുന്നതിനോ നിലവിൽ സംവിധാനമില്ല. വൻകിട ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന സൂപ്പർമാർക്കറ്റുകൾ, മാളുകൾ തുടങ്ങിയ സ്ഥാപനങ്ങൾ സ്വന്തം നിലയിൽ തന്നെ പ്ലാസ്റ്റിക് മാലിന്യം വേർതിരിച്ചെടുത്ത് റീസൈക്കിൾ ചെയ്യുന്നതിന് അത്തരം സ്ഥാപനങ്ങളെ നിർബന്ധിതമാക്കുന്നതിന് ആവശ്യമായ ബൈലോ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(35) ഉപയോഗരഹിതമായ ട്യൂബ്‌ലൈറ്റ്, സി.എഫ്. ലാമ്പ്, സാധാരണ ബൾബുകൾ, എൽ.ഇ.ഡി. ലാമ്പ്, ഇലക്ട്രോണിക് വേസ്റ്റ് എന്നിവയുടെ സംസ്കരണത്തിന് സംസ്ഥാനത്തൊരിടത്തും ഫലപ്രദമായ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ട്യൂബ്‌ലൈറ്റ്, സി.എഫ്. ലാമ്പ്, സാധാരണ ബൾബുകൾ, എൽ.ഇ.ഡി. ലാമ്പ്, ഇലക്ട്രോണിക് പാഴ്‌വസ്തുക്കൾ എന്നിവ വിൽക്കുന്ന വ്യാപാരസ്ഥാപനങ്ങൾ തന്നെ ഉപയോഗരഹിതമാകുന്ന അത്തരം ലാമ്പുകളും മറ്റ്

ഇലക്ട്രോണിക് പാഴ്‌വസ്തുക്കളും തിരികെ എടുക്കുന്നതിനും അവർതന്നെ അത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും അത്തരം സ്ഥാപനങ്ങളെ നിർബന്ധിതമാക്കുന്നതിന് ആവശ്യമെങ്കിൽ കേന്ദ്ര നിയമത്തിന്റെ (EPR-Extended Producer Responsibility) ചുവടുപിടിച്ച് നിയമനിർമ്മാണം നടത്തുന്ന കാര്യം സംസ്ഥാന ഗവൺമെന്റ് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(36) മലിനജല സംസ്കരണത്തിനുള്ള സ്വീവറേജ് സംവിധാനം തിരുവനന്തപുരം കോർപ്പറേഷനിൽ മാത്രമാണ് നിലവിലുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. മറ്റു കോർപ്പറേഷൻ പ്രദേശങ്ങളിലും മുനിസിപ്പാലിറ്റികളിലും സ്വീവറേജ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാദ്ധ്യത പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കക്കൂസ് മാലിന്യം പുഴകളിലേക്കും ജലാശയങ്ങളിലേക്കും ഓടകളിലേക്കും തുറന്നുവിടുന്ന രീതി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കണ്ടുവരുന്നതും ഗുരുതരമായ ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമായ ഒരു വലിയ വിപത്തായി മാറിയിട്ടുണ്ട്. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ സ്വീവറേജ് സംവിധാനം നിലവിലില്ലാത്ത എല്ലാ നഗരപ്രദേശങ്ങളിലും വികേന്ദ്രീകൃത സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നത് നിർബന്ധമാക്കണമെന്നും ബിൽഡിംഗ് പെർമിറ്റ് നൽകുമ്പോൾ അക്കാര്യം നിഷ്കർഷിച്ചിരിക്കണമെന്നും ബന്ധപ്പെട്ട ചട്ടങ്ങളിൽ ഇക്കാര്യം ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ എല്ലാ അപ്പാർട്ട്മെന്റ് സമുച്ചയങ്ങളിലും Stand Alone Sewerage Treatment Plant (STP) നിർബന്ധമാക്കാൻ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അടിയന്തര ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(37) മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വിഭാഗമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഹെൽത്ത് ഇൻസ്പെക്ടർമാർ. ഇവർക്ക് നിശ്ചിത മാതൃകയിലുള്ള യൂണിഫോം നിഷ്കർഷിച്ചിട്ടുണ്ടെന്നും യൂണിഫോം അലവൻസ് നൽകുന്നുണ്ടെന്നുമാണ് സമിതിക്ക് മനസ്സിലാക്കാൻ കഴിയുന്നത്. നിയമലംഘനങ്ങൾ പരിശോധിക്കുന്നതിനായി യൂണിഫോം ധരിച്ച ഉദ്യോഗസ്ഥർ ഫീൽഡിൽ എത്തുമ്പോൾ അത് നിയമലംഘകർക്ക് നൽകുന്ന ഒരു സന്ദേശം അല്ലെങ്കിൽ ഗൗരവം യൂണിഫോം ധരിക്കാതെ എത്തുന്ന അത്തരം ഉദ്യോഗസ്ഥർക്ക് പകർന്നുനൽകാനാവില്ല. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ കൃത്യമായും യൂണിഫോം ധരിച്ചുകൊണ്ടു തന്നെ ഡ്യൂട്ടി നിർവ്വഹിക്കണമെന്നും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ അധികാരികൾ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇക്കാര്യം നിഷ്കർഷിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് അടിയന്തരമായി ഒരു സർക്കുലർ പുറപ്പെടുവിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(38) പൊതുസ്ഥലങ്ങളിൽ പ്ലാസ്റ്റിക് കത്തിക്കുന്നത് സംസ്ഥാനമൊട്ടാകെ കാണാൻ കഴിയുന്ന ഒരു കാഴ്ചയാണ്. കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളെയും ശുചീകരണ ജീവനക്കാർപോലും രാവിലെ നിരത്തുകളിലും പൊതുസ്ഥലങ്ങളിലും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ അവിടവിടെ കൂട്ടിയിട്ട് കത്തിക്കുന്ന കാഴ്ച എങ്ങും ദൃശ്യമായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്ത് ശ്വാസകോശ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതിന് ഇത് കാരണമായിട്ടുണ്ട്. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ശുചീകരണ തൊഴിലാളികളും അതുപോലെ പൊതുജനങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും നിരത്തുകളിലും ഇട്ട് കത്തിക്കുന്നത് ക്രിമിനൽ കുറ്റമായി കണക്കാക്കി നടപടി സ്വീകരിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(39) നഗരസഭകളിലെ മാലിന്യനിർമ്മാർജ്ജന പ്രശ്നങ്ങളേക്കാൾ ഗുരുതരമാണ് നഗരസ്വഭാവം ആർജ്ജിച്ചുകൊണ്ടിരിക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ മാലിന്യ നിർമ്മാർജ്ജന പ്രശ്നം. ആയതിനാൽ നഗരസ്വഭാവം ആർജ്ജിച്ചുകൊണ്ടിരിക്കുന്ന ഗ്രാമപഞ്ചായത്തുകൾ കണ്ടെത്തി അവിടത്തെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനത്തിന് അനുയോജ്യമായതും കൂടുതൽ കാര്യക്ഷമവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(40) നമ്മുടെ കോർപ്പറേഷനുകളിൽ Environmental Engineers-ന്റെ അഭാവം മാലിന്യ സംസ്കരണത്തെ സാരമായി ബാധിക്കുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓരോ കോർപ്പറേഷനിലും രണ്ടുവീതം Environmental Engineer തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(41) ഓരോ പ്രദേശത്തേയും മാലിന്യനിർമ്മാർജ്ജനം ആ പ്രദേശത്ത് താമസിക്കുന്ന ഓരോ പൗരന്റേയും ചുമതലയാണെന്നും അതിനായി ഓരോ പ്രദേശത്തേയും യുവാക്കളെയും സന്നദ്ധസംഘടനകളെയും റസിഡന്റ്സ് അസോസിയേഷനുകളെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള ഒരു കൂട്ടായ്മയുണ്ടാക്കുകയും അത്തരം കൂട്ടായ്മകളുടെ നേതൃത്വത്തിൽ മാലിന്യനിർമ്മാർജ്ജനത്തിന് മാതൃകാപരമായ ഒരു പ്രവർത്തനം തുടങ്ങുകയും അതിലൂടെ ആരോഗ്യമുള്ള ഒരു തലമുറയെ വളർത്തിയെടുക്കുവാൻ കഴിയുമെന്നുള്ള ബോധം ജനങ്ങളിലേക്കെത്തിക്കുവാൻ കഴിയുകയും ചെയ്താൽ മാലിന്യനിർമ്മാർജ്ജന പ്രശ്നത്തിന് ഒരു പരിഹാരമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ഡോ. കെ. ടി. ജലീൽ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 23.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.